# ബഹിഷ്കരിക്കണം, അത്തരം മാധ്യമങ്ങളെയും

**പ്രതിഷേധം** പ്രകടിപ്പിക്കാനും വിയോജിപ്പ് അറിയിക്കാനും സാധാരണ സ്വീകരിക്കുന്ന മാർഗങ്ങളിലൊന്നാണ് ബഹിഷ്കരണം. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ബ്രിട്ടീഷ് ഉൽപന്നങ്ങൾ ബഹിഷ്കരിച്ചുകൊണ്ട് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഭരണത്തോട് ശക്തമായി പ്രതികരിച്ചത് ചരിത്രത്തിൽ കാണാം. ഫലസ്ത്വീനിലെ നിരപരാധികൾക്കെതിരെ ക്രൂരമായ അക്രമങ്ങൾ അഴിച്ചുവിടുന്ന ഇസ്രയേൽ എന്ന ചട്ടമ്പി രാജ്യത്തിനെതിരെയും അവരെ പിന്തുണക്കുന്ന പാശ്ചാത്യ രാഷ്ട്രങ്ങൾക്കെതിരെയും ബഹിഷ്കരണത്തിലൂടെ ശക്തമായി പ്രതികരിക്കാൻ ഡോ. യൂസുഫുൽ ഖറദാവിയെപ്പോലുള്ള പണ്ഡിതന്മാർ ആഹ്വാനം നൽകുകയുണ്ടായി. അവരുടെ ആഹ്വാനം ചെവിക്കൊണ്ട് ഇസ്രയേൽ, അമേരിക്കൻ, ബ്രിട്ടീഷ് ഉൽപന്നങ്ങൾ ബഹിഷ്കരിക്കാൻ ലോകത്തിന്റെ നാനാ ഭാഗത്തുമുള്ള മനുഷ്യ സ്നേഹികൾ മുന്നോട്ടുവരികയും ചെയ്തു.

ഏറ്റവുമൊടുവിൽ പ്രവാചകൻ തിരുമേനിയെ അവഹേളിക്കുന്ന കാർട്ടൂണുകൾ പ്രസിദ്ധീകരിച്ച ഡെന്മാർക്കിന്റെ അഹന്ത നിറഞ്ഞ നടപടിക്കെതിരിലും ബഹിഷ്കരണത്തിലൂടെ തങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കാൻ മുസ്‌ലിം ലോകം തയാറായി. ഉൽപന്ന ബഹിഷ്കരണം ആത്മാർഥമായി നടപ്പാക്കിയ സന്ദർഭങ്ങളിലെല്ലാം അത് ഫലപ്രദമായിത്തീർന്നതാണാനുഭവം. ഗൾഫ് നാടുകളിൽ അമേരിക്കൻ ഉൽപന്ന ബഹിഷ്കരണത്തിന് ജനങ്ങൾ മുന്നോട്ടു വന്നപ്പോൾ അത്തരം ഉൽപന്നങ്ങളുടെ വിൽപനയിൽ കാര്യമായ കുറവ് വരികയുണ്ടായി. മില്യൻ കണക്കിന് ഡോളറിന്റെ കച്ചവടനഷ്ടവും ഉണ്ടായി.

പ്രവാചകനിന്ദ നടത്തിയതിനെ തുടർന്ന് ഡാനിഷ് ഉൽപന്നങ്ങൾ ബഹിഷ്കരിച്ചപ്പോഴും ഉൽപാദകരായ കമ്പനികൾക്ക് അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവന്നു. മുസ്‌ലിം നേതാക്കളുമായി ചർച്ച നടത്താനും, തങ്ങൾ കൈക്കൊണ്ട ഇസ്‌ലാമികവിരുദ്ധ നിലപാടുകൾക്ക് മാപ്പ് പറയാനും അവർ തയാറായി.

ഇപ്പോൾ കേരളത്തിൽ മുസ്‌ലിം സമുദായത്തിനെതിരിൽ ചില വാർത്താ മാധ്യമങ്ങൾ സ്വീകരിച്ച അത്യന്തം അനീതിപരവും ജുഗുപ്സാവഹവുമായ സമീപനങ്ങൾ കാണുമ്പോൾ അവരെ നിയന്ത്രിക്കാൻ പറ്റിയ ആയുധവും ബഹിഷ്കരണം മാത്രമാണെന്ന് പറയാതെ വയ്യ.

വർഗീയതയും പരസ്പര വിദ്വേഷവും ഇളക്കിവിട്ട് കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദവും സമാധാനാന്തരീക്ഷവും തകർക്കുകയെന്ന ഫാഷിസ്റ്റ് ശൈലി അപ്പടി സ്വീകരിച്ചിരിക്കുന്ന പ്രിന്റ്, ഇലക്ട്രോണിക് മാധ്യമങ്ങൾ തെറ്റുതിരുത്താൻ തയാറായില്ലെങ്കിൽ അവരെ നിലക്ക് നിർത്താൻ പറ്റിയ മാർഗം ബഹിഷ്കരണം തന്നെയാണ്. ഭൂരിപക്ഷത്തിന്റെ കൈയടി വാങ്ങുന്നതിന് ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെ കുപ്രചാരണങ്ങളും അസത്യ ആരോപണങ്ങളും അഴിച്ചുവിടുന്ന പത്രങ്ങൾ വായിക്കുകയോ, അത്തരം വർഗീയ വിഷയം ചീറ്റുന്ന ചാനലുകൾ കാണുകയോ ചെയ്യില്ലെന്ന് തീരുമാനിച്ചാൽ, അതിനുള്ള ഇഛാശക്തി പ്രകടിപ്പിച്ചാൽ തങ്ങളുടെ നീചപ്രവർത്തനങ്ങളിൽനിന്നും പിന്മാറാൻ അത്തരം മാധ്യമങ്ങൾ നിർബന്ധിതരാവും, തീർച്ച.

**പി.പി ഇഖ്ബാൽ ദോഹ**

# ആർക്കുവേണ്ടിയാണീ കുഴലൂത്ത്?

**'വികസനവിരുദ്ധർ'** എന്ന് കേരളം മുഴുക്കെ മുഴങ്ങാൻ തുടങ്ങിയിട്ട് അധികനാളായിട്ടില്ല. ജനങ്ങളുടെ നികുതിപ്പണം കൊണ്ടും കടം വാങ്ങിയും കേരളക്കര തുണ്ടം തുണ്ടമായി മറിച്ചു വിറ്റു കിട്ടിയ കാശ് കൊണ്ട് കുത്തക കോർപറേറ്റ് മുതലാളിമാർക്ക് പാത വിരിക്കാനും മണിമന്ദിരങ്ങളും ആഡംബര റിസോർട്ടുകളും നിർമിക്കാനും തുടങ്ങിയപ്പോൾ, വീടും പറമ്പും സ്വപ്നമായി കഴിയുന്ന തെരുവിന്റെ മക്കൾ പറഞ്ഞു: 'ഈ വികസനം ഞങ്ങൾക്കു വേണ്ടിയല്ല, നിങ്ങൾക്കു വേണ്ടിയാണ്.' ഒരു തുണ്ടു ഭൂമിയിൽ കൂര പണിത് കഴിയുന്ന ജനതയെ പറഞ്ഞ് പറ്റിച്ച് മാഫിയകൾക്ക് ചുവന്ന പരവതാനി വിരിക്കാൻ അവരെ തല്ലിയോടിക്കുമ്പോൾ ഉയരുന്ന അലമുറക്ക് മന്ത്രിമാരും പരിവാരങ്ങളും പറയുന്ന പേരാണ് 'വികസനവിരുദ്ധത'.

ആരാണിവിടെ വികസനവിരുദ്ധർ? ദേശീയപാത വേണ്ടെന്ന് ആരാണ് പറഞ്ഞത്? ഇരിക്കട്ടെ, എന്താണ് കിനാലൂരിലെ വികസനം? കോഴിക്കോട് കിനാലൂരിൽ 100 മീറ്റർ വീതിയിൽ നാലു

വരി പാത തച്ചുപഴുപ്പിച്ചെടുക്കുന്നതിന്റെ രസതന്ത്രം സോളിഡാരിറ്റിക്കാർക്കു പിടികിട്ടിയെങ്കിൽ മന്ത്രി എന്തിനാണിത്ര കോപിക്കുന്നത്? എന്തു വിലകൊടുത്തും സർവെ പൂർത്തിയാക്കും എന്ന് ഫൂട്ട്‌വെയർ പാർക്ക് ഉദ്ഘാടനം ചെയ്ത് മന്ത്രി പറഞ്ഞതിന്റെ തൊട്ടുടനെയാണ് പ്രതിഷേധക്കാരായ നാട്ടുകാരെ പോലീസ് തല്ലിച്ചതച്ചത്. എന്നു പറഞ്ഞാൽ മന്ത്രിയും പോലീസും പരിവാരങ്ങളും ആസൂത്രണം ചെയ്ത ഒരു പ്ലാൻ നടപ്പിലാക്കി.

മന്ത്രി എളമരം കരീം പഴയ ചരിത്രം മറക്കരുത്. ചാലിയാർ തീരത്തെ ഗ്വാളിയർ റയോൺസിനെതിരെ ജനപക്ഷത്തുനിന്ന് പട നയിച്ച ചാത്തുണ്ണി മാസ്റ്റർ, കെ.എ റഹ്മാൻ, ഇ.ടി മുഹമ്മദ് ബശീർ ഇവരൊക്കെ വികസന വിരുദ്ധരായിരുന്നോ? അവരിലൊരാളായി വിയർപ്പൊഴുക്കിയ മന്ത്രി കരീം അന്ന് ചെയ്തത് വികസനവിരുദ്ധതയായിരുന്നോ? അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവെച്ച്, അദ്ദേഹവും ബഷീറും റഹ്മാൻക്കയുമൊക്കെ നാട്ടുകാരോടൊപ്പം നിന്ന് പോരാടിയത് എന്തിനു വേണ്ടിയായിരുന്നു? ബിർല മുതലാളി നാട്ടുകാരെ മയക്കിക്കിടത്തി ഒരു തലമുറയെ ഒന്നടങ്കം കാൻസർ രോഗികളും മാറാ രോഗികളുമാക്കി മാറ്റിയില്ലേ. ദശകങ്ങൾക്കു ശേഷമാണെങ്കിലും വിപത്ത് മനസ്സിലാക്കി രംഗത്തിറങ്ങിയ ഒരു ജനതയുടെ ഐതിഹാസിക വിജയമായിരുന്നില്ലേ കമ്പനിയുടെ അടച്ചുപൂട്ടൽ. ഏറ്റവും കൂടുതൽ വിഷപ്പുക ഏറ്റുവാങ്ങിയത് എളമരത്തുകാരായിരുന്നു. എന്തുകൊണ്ട് മന്ത്രി കരീം അന്ന് ബിർലക്ക് അനുകൂലമായി നിലകൊണ്ടില്ല? വികസനം സ്വന്തം ഉമ്മറപ്പടിയിലെത്തുമ്പോൾ കണ്ണ് തുറക്കും, അകക്കണ്ണ് തള്ളും.

പത്രസമ്മേളനത്തിൽ സോളിഡാരിറ്റിയും ജമാഅത്തെ ഇസ്‌ലാമിയുമാണ് കിനാലൂരിൽ പ്രശ്നങ്ങളുണ്ടാക്കിയതെന്ന് എത്ര ലാഘവത്തോടെയാണ് മന്ത്രി കരീം പ്രസ്താവന നടത്തിയത്. ജനപക്ഷത്ത് നിലകൊണ്ട് തൊഴിലാളി പ്രസ്ഥാനത്തിലൂടെ മന്ത്രിക്കസേരയിലെത്തിയ അദ്ദേഹം ആർക്കുവേണ്ടിയാണീ കുഴലൂത്ത് നടത്തുന്നത്? സാമ്രാജ്യത്വത്തിനും ഫാഷിസത്തിനുമെതിരെ നിലകൊണ്ട ഒരു വിപ്ലവ പ്രസ്ഥാനത്തിന്റെ അവശേഷിക്കുന്ന തുടിപ്പും തച്ചുതക്കർക്കാൻ കെണിയൊരുക്കിയ സാമ്രാജ്യത്വ അജണ്ടയിൽ അദ്ദേഹവും വീണുപോയോ?

**കെ.വി ഖയ്യൂം പുളിക്കൽ**

# വിവാഹ ആഘോഷങ്ങളിലെ ധൂർത്തും ആഭാസങ്ങളും

**വിവാഹ** ആഘോഷങ്ങളിലെ ആഭാസ,ങ്ങളും വിവാഹത്തിന്റെ പേരിലുള്ള സാമ്പത്തിക ധൂർത്തും അവസാനിപ്പിക്കാനുള്ള കൂട്ടായ്മക്ക് 'വടക്കന്മാർ' കോപ്പ് കൂട്ടുകയാണ്. ഇതേക്കുറിച്ച് ഒട്ടേറെ എഴുതുകയും പ്രസംഗിക്കുകയും പ്രതികരിക്കുകയും ചെയ്തതിന്റെ പേരിൽ 'ക്ഷണിക്കപ്പെടാതെ പോയ' ഒരു 'അതിഥി'യാണ് ഞാൻ. ആഭാസങ്ങൾക്കെതിരെയുള്ള കൂട്ടായ്മയിൽ പോലും ഞാനിന്ന് അനഭിമതനാണ്.

വിവാഹത്തിന്റെ പേരിലുള്ള സാമ്പത്തിക ധൂർത്ത് ആരംഭിക്കുന്നത് ക്ഷണപത്രികയിലൂടെയാണ്. കാസർകോട് മുതൽ മയ്യഴി വരെയുള്ള രണ്ട് ജില്ലകളിലെ 'വിവാഹ പത്രിക'കൾ കൂട്ടിവെച്ചാൽ കോടികളുടെ കണക്ക് കിട്ടും. ലാളിത്യത്തിന് പ്രാമുഖ്യം കൽപിക്കുന്ന മതാനുയികളുടെ പൊങ്ങച്ചത്തിന്റെ നിദർശനമാണ് പല കത്തുകളും. തപാൽ വഴിയും കൊറിയർ മുഖേനയും ലഭിക്കുന്ന ഇത്തരം കത്തുകൾക്ക് ചെലവഴിക്കുന്ന തുകയുണ്ടെങ്കിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ള അസംഖ്യം ആളുകളെ രക്ഷിക്കാനാവും.

കലണ്ടറുകൾക്കും ഡയറികൾക്കും ഒരു കൊല്ലത്തെ ആയുസ്സെങ്കിലും ഉണ്ടെന്നു വെക്കാം. അൽപായുസുള്ള ഈ കത്തുകൾക്ക് ദീർഘായുസ്സുണ്ടാക്കി കൊടുക്കുന്ന പ്രവണത ഒരുതരത്തിലും പൊറുപ്പിച്ചുകൂടാത്തതാണ്. പല ഗൾഫ് സുഹൃത്തുക്കളുടെയും കല്യാണക്കത്തുകളുടെ അവസ്ഥ പരിശോധിച്ചാൽ വല്ലാത്ത വേദന തോന്നും. ഒരു തടിച്ച കവറും അതിനകത്ത് മെലിഞ്ഞ കവറും അതിനുള്ളിൽ മിന്നിത്തിളങ്ങുന്ന അറിയിപ്പും കൂടി കിട്ടിക്കഴിഞ്ഞാൽ അറിയിപ്പിലെ അവ്യക്തത ക്ഷണിതാവിന്റെ കണ്ണ് മഞ്ഞളിപ്പിക്കും. എത്രയോ സാമ്പിളുകൾ പരിശോധിച്ച് പൊള്ളുന്ന വില കൊടുത്ത് സൃഷ്ടിക്കുന്ന ക്ഷണക്കത്തിലെ 'വികൃത പ്രഭാവം' പണം മുടക്കുന്നവന്റെ നിലവാരത്തകർച്ച വിളിച്ചോതുന്നു. ഇതിന് ആഭാസമെന്നോ ധൂർത്ത് എന്നോ പേരിട്ടാൽ 'അസൂയ' എന്ന തിരിച്ചടിയാണ് കിട്ടുക.

സാമ്പത്തിക ധൂർത്തിന്റെയും വിവരക്കേടിന്റെയും മറ്റൊരു ഉദാഹരണമാണ് വിവാഹസദ്യ. ഭക്ഷണപ്പുരയിലെ ബഹളം ആസ്വദിക്കുന്നത് ഒരു ശീലമാക്കിയവരാണ് പലരും. കോഴിപ്പോരെന്നോ മീൻ പോരെന്നോ ഇതിനെ വിളിക്കാം. പക്ഷേ ചാക്കിൽ കെട്ടി മാലിന്യമാക്കുന്ന പിട്ടും പൊറാട്ടയും ബിരിയാണിയും ചപ്പാത്തിയും വെള്ളപ്പവും 'സാമ്പത്തിക ധൂർത്ത്' എന്ന ഒറ്റ വാക്കിൽ അവസാനിക്കുന്നില്ല. പരിസര മലിനീകരണം എന്ന കാലിക പ്രാധാന്യമുള്ള പ്രയോഗം തന്നെയാണിതിനാവശ്യം.

തലശ്ശേരിയിലെ ഒരു പ്രാന്ത പ്രദേശത്ത് കാറ്ററിംഗുമായി ബന്ധപ്പെട്ട ഒരു വീട്ടിലെ 'കല്യാണസദ്യ' എന്നെ ഞെട്ടിച്ചു. വായനക്കാർ വായിൽ കപ്പലോട്ടുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ വിഭവങ്ങളുടെ പേരുകൾ ഞാനിവിടെ പകർത്തട്ടെ. കക്കറോട്ടി, പോള, പൂള വിരകിയത്, മത്സ്യം പൊരിച്ച് ഇലയിൽ വാട്ടിയത്, കോഴി പൊരിച്ചത്, ആട് ബിരിയാണി, അലീസ, വെള്ളപ്പം, പിട്ട്, പൊറോട്ട, ചപ്പാത്തി, അട, സേമിയ പായസം, സാദാ ചോറ്, അയക്കൂറ മൊളകിട്ടത്, പപ്പടം, സാമ്പാർ, ജിലേബി, ഐസ്ക്രീം, കാവ, പാൽകാവ, പഴവർഗങ്ങൾ, ഏലാഞ്ചി, വീശിപ്പൊറോട്ട.

വിവാഹത്തിന്റെ പേരിലുള്ള സാമ്പത്തിക ധൂർത്തിന്റെ മറ്റൊരു വശമാണ് കല്യാണ പന്തലും അലങ്കാരവും ചെവിടടപ്പിക്കുന്ന പാട്ടും കൂത്തും. നട്ടുച്ചക്കും ഡക്കറേഷൻ ബൾബും കണ്ണഞ്ചിക്കുന്ന വമ്പൻ ബൾബുകളും! പന്തലിന്റെ റങ്ക് കണ്ട് അത് ഇട്ടവന് അവാർഡ് കൊടുക്കാൻ തോന്നിപ്പോയതാണ്.

മറ്റൊരു വീട്ടിൽ വരന്റെ സംഘത്തോടൊപ്പം വന്ന സുഹൃത്തുക്കൾ അഞ്ചു പേർ വരനെ പോലെ അണിഞ്ഞൊരുങ്ങി മാലയിട്ടിരുന്നു. ഏതാണ് പുതിയാപ്പിളയെന്ന് ആർക്കും തിരിച്ചറിയാനാവാത്ത അവസ്ഥ. അകത്ത് കൂട്ടുമ്പോഴാണ് പിടിവലിയായത്. അപ്പോൾ ഒരു സുഹൃത്തിന്റെ കമന്റ്: 'ഇതിനാണല്ലോ പുതിയാപ്പിള ജെ.സി.ബിയിൽ കയറി ജയനെ പോലെ പ്രത്യക്ഷപ്പെടുന്നത്?'

കണ്ണൂരിലെ ഒരു പത്രപ്രവർത്തക സുഹൃത്തിന്റെ മകളുടെ വിവാഹത്തിന് കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിലാണ് ഞാനെത്തിപ്പെട്ടത്. പുതിയാപ്പിളയുടെയും സംഘത്തിന്റെയും വരവ് ഗംഭീരമായിരുന്നു. കാളത്തോലുകൊണ്ട് നിർമിച്ച ദഫ്ഫിന്റെ ശബ്ദത്തിൽ അവർ പാടുന്നുണ്ടായിരുന്നു. പുതിയാപ്പിളയെ അകത്ത് കയറ്റണമെങ്കിൽ പാട്ട് സംഘത്തിന് അയ്യായിരം രൂപ റൊക്കമായി നൽകണമെന്നതാണ് പാട്ടുസംഘത്തിന്റെ ആവശ്യം. പലരും മാധ്യസ്ഥം പറഞ്ഞു നോക്കി. ഫലിച്ചില്ല. ഒടുവിൽ റൊക്കം പണം എണ്ണിക്കൊടുത്തു പുതിയാപ്പിള അകത്തുകയറി. ഇതേകാലഘട്ടത്തിലാണ് കണ്ണൂരിലെ ഒരു കല്യാണപ്പന്തലിൽ ആളുകൾ ഇരച്ചുകയറിയതു കാരണം പോലീസ് ലാത്തിച്ചാർജ് ചെയ്തത്. അലീസയിൽ പവൻ വെച്ചിട്ടുണ്ടെന്ന കിംവദന്തി കാരണമാണ് ജനത്തിരക്ക്. ഇത് വിവാഹ ആഘോഷങ്ങളിലെ ആഭാസമാണെന്ന് ഒരാളും പറഞ്ഞതുമില്ല.

**കെ.പി കുഞ്ഞിമ്മൂസ കോഴിക്കോട്**

## സഹായത്തിന് അവനുണ്ട്

**അൽ അഖ്സ്വയെയും** ഇതര ഇസ്‌ലാമിക ചിഹ്നങ്ങളെയും .....വിഴുങ്ങിക്കൊണ്ടിരിക്കുകയാണ് സയണിസ്റ്റ് ദുർഭൂതം (മെയ് 1, മുഖക്കുറിപ്പ്). ലോകരാഷ്ട്രങ്ങൾക്കിത് കണ്ട ഭാവമില്ല. അറബ്, ഇസ്‌ലാമിക രാഷ്ട്രങ്ങളും മിണ്ടുന്നില്ല. പടച്ച തമ്പുരാൻ മാത്രമാണവർക്ക് തുണ. വിശ്വാസികൾക്ക് അല്ലാഹു മാത്രം മതിയെന്നാണല്ലോ ഖുർആൻ സൂചിപ്പിക്കുന്നത് (8:64). അല്ലാഹു സഹായിക്കാനുണ്ടെങ്കിൽ ആർക്ക് അതിനെ തടുക്കാൻ കഴിയും എന്നു ഖുർആൻ ചോദിക്കുന്നുമുണ്ടല്ലോ (3:60). അല്ലാഹുവിന്റെ സഹായം അവൻ ഉദ്ദേശിക്കുമ്പോൾ ഉണ്ടാവുക തന്നെ ചെയ്യും. അതിനെ ഒരു സയണിസ്റ്റ് ദുർഭൂതത്തിനും തടുക്കാൻ കഴിയില്ല.

**ഡോ. എം. ഹനീഫ് വണ്ണപ്പുറം**